**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2217** **13-09-2023 - ൽ മറുപടിയ്ക്ക്**

**ലോകകേരളസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രവാസികൾക്ക് വലിയ അവസരങ്ങൾ പ്രദാനം ചെയ്ത ലോകകേരളസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | **ലോക കേരള സഭ, പ്രവാസികളുടെ പങ്കാളിത്തം വർദ്ധിപ്പിച്ച് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ലോക കേരള സഭാ സമ്മേളനങ്ങൾക്ക് പുറമേ മേഖലാ സമ്മേളനങ്ങളും സംഘടിപ്പിച്ചുവരുന്നു. നിലവിൽ 3 മേഖലാ സമ്മേളനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ലോക കേരള സഭ സമ്മേളനങ്ങളിൽ പ്രവാസി പ്രതിനിധികൾ സമർപ്പിക്കുന്ന ശിപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രായോഗികത വിലയിരുത്തുന്നു. അതിനുശേഷം നടപ്പാക്കാൻ സാധ്യമായ ശിപാർശകൾ തെരഞ്ഞെടുക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും അതാത് വകുപ്പുകളിൽ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ലോക കേരള സഭയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ലോക കേരള സഭ സെക്രട്ടേറിയറ്റിൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.** |
| (ബി) | പ്രവാസികളുടെ കാതലായ പ്രശ്നങ്ങൾ പരിഹരിക്കാൻ ലോകകേരളസഭയിലൂടെ എന്തൊക്കെ പുതിയ പരിപാടികൾ ആവിഷ്കരിക്കുമെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ലോക കേരള സഭയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോമുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. പ്രവാസികളെ സംബന്ധിക്കുന്നതും കേരള വികസനവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങൾ ചർച്ച ചെയ്ത് അംഗങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുക എന്നതാണ് ലോക കേരള സഭയുടെ പ്രാഥമികമായ കർത്തവ്യം. കൂടാതെ സർക്കാരിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ച നിർദ്ദേശങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.<br><br>ഇന്ത്യയിൽ മലയാളികളുടെ സാന്നിധ്യം കൂടുതലുള്ള സംസ്ഥാനങ്ങളിൽ കേരള ഹൗസുകൾ ഇതിനകം തന്നെ ടൂറിസം വകുപ്പ് വഴി സ്ഥാപിച്ചിട്ടുണ്ട്. ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഇത്തരം പരിപാടികൾ ഉൾക്കൊള്ളുന്നില്ല എന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല. |
| (സി) | ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ലോകകേരളസഭയുടെ ആഭിമുഖ്യത്തിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ കേരള ഹൗസുകളും സാംസ്കാരിക കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള വേദിയായിട്ടല്ല ലോക കേരള സഭ വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ലോക കേരള സഭയുടെ രൂപീകരണത്തിലൂടെ പ്രവാസികളുടെയും കേരളത്തിന്റെയും സർവതോമുഖമായ ഉന്നതിയാണ് ലക്ഷ്യമിടുന്നത്. പ്രവാസികളെ സംബന്ധിക്കുന്നതും കേരള വികസനവുമായി ബന്ധപ്പെട്ടതുമായ വിഷയങ്ങൾ ചർച്ച ചെയ്ത് അംഗങ്ങളിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുക എന്നതാണ് ലോക കേരള സഭയുടെ പ്രാഥമികമായ കർത്തവ്യം. കൂടാതെ സർക്കാരിൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.<br><br>ഇന്ത്യയിൽ മലയാളികളുടെ സാന്നിധ്യം കൂടുതലുള്ള സംസ്ഥാനങ്ങളിൽ കേരള ഹൗസുകൾ ഇതിനകം തന്നെ ടൂറിസം വകുപ്പ് വഴി സ്ഥാപിച്ചിട്ടുണ്ട്. ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഇത്തരം പരിപാടികൾ ഉൾക്കൊള്ളുന്നില്ല എന്നതിനാൽ പരിഗണിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ